# News and Events

Thrissur City Police



## സ്വന്തം വീട് ക്വാറൻറൈൻ കേന്ദ്രത്തിന് വിട്ടുനൽകി വനിതാ പോലീസ് ഉദ്യോഗസ്ഥ

ക്വാറന്റൈൻ എന്നു കേൾക്കുമ്പോൾ പേടിച്ചു നിലവിളിക്കുന്ന ചിലരുണ്ട് നമുക്കിടയിൽ. വിദേശത്തുനിന്നും, മറ്റു സംസ്ഥാനങ്ങളിൽനിന്നും സ്വദേശത്തേക്കെത്തുന്നവർ കോവിഡ് രോഗബാധിതരാണെന്ന ഭീതിയും അജ്ഞതയും മൂലമാണ് ചിലരെങ്കിലും ക്വാറന്റൈനെ എതിർക്കുന്നത്.

വിദേശത്ത് നിന്ന് നാട്ടിൽ എത്തിയ കാട്ടാകാമ്പാൽ സ്വദേശിക്ക് സ്വന്തംവീട്ടിൽ സ്ഥലപരിമിതിമൂലം ക്വാറന്റൈൻ പ്രായോഗികമല്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള 14 ദിവസത്തെ ക്വാറന്റൈൻ ചെയ്യുന്നതിന് അനുയോജ്യമായ സ്ഥലം അന്വേഷിച്ച് പരാജയപ്പെട്ടപ്പോഴാണ് ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ കുന്ദംകുളം പോലീസ് സ്റ്റേഷനിലെ ജനമൈത്രി ബീറ്റ് ഓഫീസർ ജാൻസിയെ ഫോണിൽ ബന്ധപ്പെട്ടത്. ഉടൻതന്നെ ജാൻസിയും കുന്ദംകുളം പോലീസ് സ്റ്റേഷനിലെ മറ്റൊരു ജനമൈത്രി ബീറ്റ് ഓഫീസറായ സുമേഷും ഒന്നിച്ച് വിദേശത്തുനിന്നുമെത്തിയയാളുടെ അടുത്തെത്തി കാര്യങ്ങൾ അന്വേഷിച്ചു. സ്ഥലസൌകര്യമില്ലാത്ത കാര്യം ജാൻസിയോടു പറഞ്ഞപ്പോൾ താനും കുടുംബവും കുന്ദംകുളം പോലീസ് സ്റ്റേഷൻ ക്വാർട്ടേഴ്സിലാണ് താമസിക്കുന്നതെന്നും പോർക്കുളത്തുള്ള തന്റെ വീട് ഒഴിഞ്ഞുകിടക്കുകയാണെന്നു പറയുകയും ഒരു മടിയും കൂടാതെ തന്റെ വീട് ക്വാറന്റൈന് വിട്ടുനൽകാമെന്ന് അറിയിക്കുകയുമായിരുന്നു.

Phone: 0487 **2423511**
E-mail address :cptsr.pol@kerala.gov.in
Website : www.thrissurcitypolice.gov.in
Facebook : /thrissurcitypolice
Twitter : /tsrcitypolice